**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1685** **20-06-2024 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകരുടെ സാമ്പത്തിക സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് കേരള കർഷക ക്ഷേമനിധി ബോർഡ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | കേരള സർക്കാർ 2020 ഒക്ടോബർ മാസം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ആപ്പീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബോർഡിന്റെ ഭരണ നിർവ്വഹണം നടത്തുന്നത് 24 അംഗങ്ങളുള്ള ഡയറക്ടർ ബോർഡ് ആണ്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും, കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. |
| (ബി) | ഇരുപത് ലക്ഷം കർഷകരെ അംഗങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ച ബോർഡിൽ നിലവിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട്; | (ബി) | ക്ഷേമനിധി ബോർഡിൽ 18407 കർഷകർ അപേക്ഷിച്ചതിൽ നാളിതുവരെ 15104 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്. |
| (സി) | ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ധനവകുപ്പ് ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; അവ മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) | കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് ധനവകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ